LIBRARY ARCHIVES Kerala Legislative Assembly

പാടിപ്പുഴ ക്രോസ്ബാർ-കം-ബ്രിഡ്ജ്

41 (204) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ ; താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ-പയ്യന്നൂർ മുനിസിപ്പാലിറ്റികളെ ബന്ധിപ്പിക്കുന്ന പാടിപ്പുഴയ്ക്ക് ഒരു ക്രോസ്ബാർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ ?

ഉത്തരം

പാടിപ്പുഴയ്ക്ക് കുറുകെ ഒരു പാലത്തോടു കൂടിയ ഉപ്പുവെള്ള നിരോധിത സാനിക്കട്ട് നിർമ്മിക്കുന്നതിലേയ്ക്ക് ഏകദേശം 113 ലക്ഷം രൂപ മതിപ്പു തുക വരുന്ന ഒരു എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. അടുത്ത സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഈ ജോലിക്കുള്ള തുക വക കൊള്ളിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണിക്കുള്ള ഭരണാനുമതി നല്കി നടപ്പിലാക്കുന്നതാണ്.

നെൻമേനി ശുദ്ധജല പദ്ധതി

42 (205) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൻമേനി ശുദ്ധജലവിതരണ പദ്ധതിയുടെ പൈപ്പ് ലൈൻ, നെൻമേനി പഞ്ചായത്ത് ഒമ്പതാം വാർഡിലെ വള്ളിക്കുന്ന്, പൗണ്ടൻമൂല എന്നീ സ്ഥലങ്ങളിൽ ലഭ്യമാക്കുന്നതിന് തദ്ദേശവാസികൾ നിവേദനം നൽകിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രദേശത്തെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിന് നെൻമേനി ശുദ്ധജലപദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും കണക്ഷൻ നൽകുന്നതിന് പ്രത്യേകം അപേക്ഷ സ്വീകരിക്കുന്നതിനും നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോഴുള്ള ആവശ്യം നേരിടുന്നതിന് വേണ്ട വെള്ളം തന്നെ നെൻമേനി പദ്ധതിയിൽ നിന്ന് ലഭിക്കുന്നില്ല. കൂടാതെ നെൻമേനി പഞ്ചായത്ത് ഒമ്പതാം വാർഡിലെ വള്ളിക്കുന്ന്, പൗണ്ടൻമൂല എന്നിവ ഉയർന്ന പ്രദേശങ്ങളായതിനാലും, സാങ്കേതിക കാരണങ്ങളാൽ കണക്ഷൻ നൽകാൻ നിർവ്വാഹമില്ല.

പന്തിരാടിപ്പാറ ലിഫ്റ്റ് ഇറിഗേഷൻ സ്കീം

43 (206) ശ്രീ. പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽ വേങ്ങനൂർ പഞ്ചായത്തിൽ പന്തിരാടിപ്പാറ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായോ ;